# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 152** **07-10-2024 - ൽ മറുപടിയ്ക്ക്**

## സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം അർദ്ധ സൈനിക വിഭാഗങ്ങൾക്ക് പുറമെ കേരള പോലീസ്, ജയിൽ, ഫയർഫോഴ്സ് വകുപ്പുകൾക്ക് ഒരു വർഷം മുൻപ് വരെ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | **ലഭിച്ചിരുന്നു** |
| (ബി) | നിലവിൽ പ്രസ്തുത സംവിധാനം പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നുണ്ടോ; | (ബി) | **ലഭിക്കുന്നുണ്ട്** |
| (സി) | നിലവിൽ പ്രസ്തുത സംവിധാനം ജയിൽ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) | **ലഭിക്കുന്നില്ല. സെൻട്രൽ പോലീസ് ക്യാന്റീനു (കേന്ദ്രീയ പോലീസ് കല്യാൺ ഭണ്ഡാർ) കൾക്ക് 01.04.2024 മുതൽ 50 ശതമാനം ജി.എസ്.ടി ഇളവ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഇളവ് സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകൾക്കും ബാധകമാക്കിയിരുന്നു. സെൻട്രൽ പോലീസ് ക്യാന്റീനുകൾ ഏതൊക്കെ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് നിർദേശിച്ച് കൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകിയിട്ടുള്ള പട്ടികയിൽ ജയിൽ, ഫയർഫോഴ്സ് എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ പോലീസ് ഡിവിഷൻ-II, റീഹാബിലിറ്റേഷൻ & വെൽഫെയർ വിഭാഗം ഡയറക്ടർക്ക് അയച്ച കത്തിന് മറുപടി ലഭ്യമായിട്ടില്ല.** |
| (ഡി) | ഏത് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് ജയിൽ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത ക്യാന്റീൻ സംവിധാനം നിഷേധിക്കപ്പെട്ടത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | (സി)പിരവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ